# അദ്ധ്യക്ഷപ്രസംഗം

'രാഷ്ട്രപുരോഗതി സ്ത്രീവിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു എന്നു മനസ്സിലാക്കി പ്രവർത്തിച്ച ക്രാന്തദർശിയായിരുന്നു വക്കം മൗലവി' *

—**എം. കെ. കുമാരൻ, എക്സ്. എം. പി.**

ഈ സമ്മേളനത്തിൽ ആധ്യക്ഷംവഹിക്കാൻ ഇടയായത് ഒരു വലിയ ഭാഗ്യമായിട്ടാണ് ഞാൻ കരുതുന്നത്. ഒന്നിലധികം കാരണങ്ങളാൽ ആഭാഗ്യം എന്റെ ഹൃദയത്തിനു കുളിർമനല്കുന്നുമുണ്ട്. ഈ ഫൗണ്ടേഷന്റെ കാര്യങ്ങളെപ്പററി ആദ്യം മുതൽ എനിക്കറിയാം. ശ്രീ. ബഷീറും മററുസുഹൃത്തുക്കളും അവരുടെ മനസ്സിൽ ഈ ആശയമുദിച്ച കാലത്തുതന്നെ എന്നോട് ആലോചിക്കുകയും ഞങ്ങൾ ആശയവിനിമയം നടത്തി പലതും ചെയ്യുന്നതിനുവേണ്ടി ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ആ കൂട്ടത്തിലാണ് ഫൗണ്ടേഷനു വേണ്ടി അല്പം സ്ഥലം സർക്കാരിൽ നിന്നും അനുവദിച്ചുകിട്ടുന്നതിനു കഴിഞ്ഞ ഗവൺമെന്റിന്റെ തലവനായിരുന്ന മുഖ്യമന്ത്രി ശ്രീ. കരുണാകരനെ ഞാനും എന്റെ നേതൃത്വത്തിൽ ഏതാനും സുഹൃത്തുകളും കൂടി സെക്രട്ടറിയേററിൽ ചെന്നു കണ്ടത്. അദ്ദേഹം വളരെ സ്നേഹത്തോടും സൗഹാർദ്ദത്തോടും കൂടി ഞങ്ങളെ സ്വീകരിക്കുകയും കഴിയുന്നതെല്ലാം, തീർച്ചയായും ചെയ്യും എന്നു പറയുകയും ചെയ്തു. തന്നെയുമല്ല അദ്ദേഹത്തിന്റെ പ്രൈവററ് സെക്രട്ടറിയെ വിളിച്ച്, റവന്യൂ സെക്രട്ടറിയുമായും അതു പോലെ റവന്യൂ മന്ത്രിയുമായും ആലോചിച്ച് തക്കതായ ഒരു സ്ഥലം ഇവർക്കു കൊടുക്കാൻ ഏർപ്പാടു ചെയ്യണമെന്നു അപ്പോൾതന്നെ നിർദ്ദേശം കൊടുക്കുകയും ചെയ്തു. പക്ഷെ ദൗർഭാഗ്യവശാൽ ആ കാര്യം നടന്നില്ല. ഇവിടെ പറഞ്ഞതുപോലെ അസംബ്ലിയിൽ മിസ്റ്റർ ഹസ്സന്റെ ഒരു ചോദ്യത്തിനുത്തരമായി അദ്ദേഹം തന്നെയാണെന്ന് തോന്നുന്നു അങ്ങനെ ഒരു അപേക്ഷകിട്ടിയിട്ടുണ്ടെന്നും അത് ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണെന്നും അറിയിച്ചത്. ആ സൗഹൃദപൂർവ്വമായ വാഗ്ദാനം എപ്പോഴെങ്കിലും സഫലമാകുമെന്നുള്ള വിശ്വാസം എനിക്കുണ്ട്. ഇന്ന് ഈ സുദിനത്തിൽ ആ വിശ്വാസം വളരെ ബലപ്പെട്ടിരിക്കുകയുമാണ്. ഇത്ര നല്ല ഒരു കാര്യത്തിനുവേണ്ടി തീർച്ചയായും ഇന്നത്തെ ഗവണ്മെൻറ് സഹായം ചെയ്യും എന്നു ഞാൻ ദൃഢമായി തന്നെ വിശ്വസിക്കുന്നു. മുഖ്യമന്ത്രി ശ്രീ. നായനാർ സാംസ്കാരിക കാര്യങ്ങളിൽ വളരെയധികം തല്പരനുമാണ്. അദ്ദേഹം തന്നെയും ഒരു എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനുമാണ്. അദ്ദേഹത്തിന്റെയും പ്രസംഗം കേട്ട നിങ്ങൾക്ക് മനസ്സിലായിട്ടുണ്ട് അദ്ദേഹത്തിന്റെ വീക്ഷണം എത്രമാത്രം അഗാധവും വിശാലവുമാണെന്ന്. അങ്ങനെയുള്ള അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഇന്നത്തെ ഗവൺമെൻറ് തീർച്ചയായും നിങ്ങളുടെ ഈ അപേക്ഷ സ്വീകരിക്കുകയും അനുകൂലമായ തീരുമാനം ഉണ്ടാക്കുകയും ചെയ്യുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്.

ഈ സംരംഭം തുടങ്ങുന്നതിനു മുൻകൈയെടുത്തത് ശ്രീ. ബഷീറാണ്. അദ്ദേഹം ഇപ്പോൾ ഇത്രയും ഇവിടെ സാധിച്ചു വച്ചിരിക്കുന്നതു തന്നെ വളരെ കൂടുതലും അദ്ദേഹത്തിന്റെ കൈയിൽ നിന്നു ധനവിനിയോഗം ചെയ്തുമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹം വളരെ പ്രഗൽഭനായ ഒരു സ്ഥിതിവിവരശാസ്ത്രജ്ഞനെന്ന നിലയിൽ ഐ. എൽ. ഓ. വിൽ ഉദ്യോഗം വഹിച്ച് വളരെക്കാലം ജിനീവയിൽ കഴിയുകയായിരുന്നു. മൗലവിസാഹിബിന്റെ മകനായ എന്റെ സുഹൃത്ത് ദിവംഗതനായ വക്കം അബ്ദുൽ ഖാദറിന്റെ ഭാര്യ ബഷീറിന്റെ സഹോദരിയാണ്. അങ്ങനെയൊരു കുടുംബബന്ധം കൂടി മൗലവി സാഹിബുമായി ബഷീറിനുണ്ട്. ആശയസമ്പന്നനായ ഔദാര്യനിധിയായ അദ്ദേഹത്തിന്റെ നേതൃത്വം ഈ ഫൗണ്ടേഷനു മേൽക്കുമേൽ വിജയം സമ്പാദിച്ചു തരും എന്നു ഞാൻ ബലമായി വിശ്വസിക്കുന്നു.

മൗലവി സാഹിബിനെപ്പററി വളരെ ഭംഗിയായി ശ്രീ. നായനാർ ഇവിടെ പറഞ്ഞു. അതിൽ കൂടുതലൊന്നും എനിക്കുപറയാനില്ല. എങ്കിലും ഒരുകാര്യം ഞാൻ എടുത്തുപറയുകയാണ്. അന്നത്തെ സാഹചര്യങ്ങളിൽ ഏററവും കൂടുതൽ ക്രാന്തദർശിത്വം കാണിച്ച ഒരാളായിരുന്നു, നവോത്ഥാന നായകനായിരുന്നു മൗലവി എന്നു മനസ്സിലാക്കുന്നതിന് സ്ത്രീ വിദ്യാഭ്യാസത്തിന് അദ്ദേഹം നൽകിയ പ്രാധാന്യം മാത്രം മതിയാകും. ശ്രീ നാരായണ ഗുരുവാണ് ആദ്യം സ്ത്രീ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഉദ്ബോധനം നൽകിയത്. അദ്ദേഹം പറഞ്ഞു വിദ്യകൊണ്ട് സ്വതന്ത്രരാവണമെന്ന്. അതു വളരെ അർത്ഥവത്താണ്. ഇതു കിട്ടിയാൽ മനുഷ്യൻ സ്വതന്ത്രനാകും. ആദ്യം മാനസികമായി സ്വാതന്ത്ര്യം. പിന്നീട് മറെറല്ലാവിധങ്ങളിലും മനുഷ്യൻ സ്വാതന്ത്ര്യം നേടും. അതിന്റെ എല്ലാ അടിസ്ഥാനവും വിദ്യാഭ്യാസമാണ്. അങ്ങനെ അദ്ദേഹം പറഞ്ഞത് സ്ത്രീപുരുഷഭേദമെന്യേ എല്ലാവർക്കും വേണ്ടിയായിരുന്നു. പക്ഷേ അന്നത്തെ ഏററവും വലിയ ഒരു രോഗം—ഒരു ശാപം, നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക് വിദ്യാഭ്യാസം ഇല്ല എന്നതായിരുന്നു, വിശേഷിച്ചും മുസ്ലിം സമുദായത്തിലെ സ്ത്രീകൾക്ക്. അങ്ങനെ സ്ത്രീകൾക്ക് വിദ്യാഭ്യാസം ഉണ്ടാക്കണമെന്നുള്ളതിന് ഊന്നൽ കൊടുത്തുകൊണ്ടാണ് ആ രംഗത്ത് മൗലവി സാഹിബ് കടന്നുവന്നത്. ഇതു വളരെയധികം പ്രാധാന്യമുള്ള ഒരു സംഗതിയാണ്. ഏതെങ്കിലും ഒരു ജനതയുടെ അർദ്ധഭാഗം, അമ്മയുടെ ഭാഗം, സഹോദരിയുടെ ഭാഗം, വിദ്യാഭ്യാസമില്ലാതെ അജ്ഞതയിൽ കഴിയുകയാണെങ്കിൽ ആ സമുദായം തീർച്ചയായും മാന്യതയില്ലാത്ത ഒരു സമുദായം, അല്ലെങ്കിൽ ഭാവിയെപ്പററി ആശ പുലർത്തുവാൻ അവകാശമില്ലാത്ത ഒരു സമുദായം ആയിത്തീരുമെന്ന് പല മഹാൻമാരും പറഞ്ഞിട്ടുണ്ട്. അങ്ങനെ ഒരു ജനതയുടെ പുരോഗതി, ഒരു രാഷ്ട്രത്തിന്റെ പുരോഗതി സ്ത്രീകളുടെ വിദ്യാഭ്യാസത്തെ ആശ്രയിച്ചാണിരിക്കുന്നതെന്ന് മൗലവി സാഹിബ് വളരെക്കാലം മുമ്പ്, പത്ത് എൺപതു വർഷക്കാലം മുമ്പുതന്നെ കണ്ടു.

* 21-6-87-ൽ വക്കം മൗലവി ഫൗണ്ടേഷൻ ട്രസ്റ്റിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് ശ്രീ. M. K. Kumaran, എക്സ്. M. P. ചെയ്തപ്രസംഗം.

അതാണ് അദ്ദേഹത്തിന്റെ ഏററവും വലിയ സംഭാവനയായി ഞാൻ കരുതുന്നത്. അതിന്റെ ഫലം പിൽക്കാലത്തു സാവധാനമായിട്ടാണെങ്കിലും മുസ്ലിം സമുദായവും മററു സമുദായങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നു സ്ത്രീകൾ എല്ലാ രംഗങ്ങളിലേക്കും കടന്നുവന്നിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് വളരെയധികം നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ള വനിതകൾ നമ്മുടെ രാജ്യത്തുണ്ട്. മുസ്ലിം സമുദായത്തിലുമുണ്ട്. അതിനെല്ലാം വഴിതുറന്ന മഹാൻമാരിലൊരാളായി മൗലവി സാഹിബിനെ ചരിത്രകാരൻമാർ തീർച്ചയായും ഓർക്കും. അദ്ദേഹം മുസ്ലിം സമുദായത്തിന്റെ കാര്യങ്ങളിലാണ് കൂടുതൽ ശ്രദ്ധിച്ചതെങ്കിലും ശ്രീ. നായനാർ പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ വീക്ഷണം ഒരിക്കലും സങ്കുചിതമായിരുന്നില്ല. വളരെ വിശാലമായ ഒരു കാഴ്ചപ്പാട് അന്നുതന്നെ മൗലവി സാഹിബിന് ഉണ്ടായിരുന്നു. നമ്മുടെ ദേശീയ പ്രസ്ഥാനമൊക്കെ ശക്തിപ്പെടുന്നതിനു മുമ്പാണ് അദ്ദേഹം രംഗത്തിറങ്ങിയത്. അന്നുതന്നെ അദ്ദേഹത്തിന് ദേശാഭിമാനത്തിന്റെ പതാകയിൻ കീഴിൽ ജനങ്ങളെല്ലാവരും ഒരുമിക്കുകയും ഒരുമിച്ചുനിൽക്കുകയും ചെയ്യണമെന്നുള്ള മോഹം ഉണ്ടായിരുന്നു. അതു നിസ്സാരപ്പെട്ട ഒരു കാര്യമല്ല. വിഭാഗീയ ചിന്തകൾ കൊണ്ട് മനുഷ്യർ ദേശാഭിമാനവും ദേശീയതാൽപര്യവും മറന്നുകൊണ്ട് മുന്നോട്ടുപോകുന്ന കാഴ്ച, ദയനീയമായ കാഴ്ച, ദാരുണമായ കാഴ്ച, നാം കണ്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ, അന്ന് മൗലവി സാഹിബ് കാണിച്ചുതന്നത് ദേശതാൽപര്യങ്ങളുടെ പേരിൽ, ദേശതാൽപര്യങ്ങൾ പുലർത്തുന്നതിനുവേണ്ടി ജാതിമതഭേദങ്ങളെല്ലാം വെടിഞ്ഞ് എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്നാണ്. രാജ്യത്തെ മറന്നുകൊണ്ട് ഒരു സമുദായത്തിനും മുന്നോട്ടുപോകുവാൻ കഴിയുകയില്ല, ജീവിക്കുവാനും കഴിയുകയില്ല എന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു. ഇന്നു പലർക്കും ഇല്ലാത്ത ആ വീക്ഷണം നേരത്തെ കേരളത്തിനു നൽകിയ ആ മഹാത്മാവ് തീർച്ചയായും വലിയ ഒരു ക്രാന്തദർശി തന്നെയാണ്. ഇന്നു നമ്മുടെ രാജ്യം വളരെ വളരെ ഭീകരങ്ങളായ സാഹചര്യങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മളാരും കരുതുന്നമാതിരിയല്ല. നമ്മൾ ഒരഗ്നിപർവ്വതത്തിന്റെ പുറത്തുതന്നെ ഇരിക്കുകയാണെന്നു വേണമെങ്കിൽ പറയാം. ഈ അപകട പ്രതിസന്ധി തരണം ചെയ്യുന്നതിന് മൗലവി സാഹിബിനെപ്പോലുള്ള മഹാൻമാരുടെ ആശയങ്ങളും അവരുടെ പ്രവർത്തനവിധങ്ങളും ഒക്കെ പ്രചോദനമായിത്തീരണം. എന്തെല്ലാം സാഹചര്യങ്ങൾ പ്രതികൂലമായി വന്നാലും ജനത മുന്നോട്ടുപോകും നമ്മുടെ മഹത്തായ ഈ രാജ്യം നിലനിൽക്കും, അതു ശക്തിപ്പെടും. അത് മുന്നോട്ടു തന്നെ പോകും എന്ന കാര്യത്തിൽ സംശയമില്ല, പക്ഷേ ഇന്നത്തെ ഈ പ്രതികൂല സാഹചര്യങ്ങളെ നേരിടുന്നതിനും അവയെ പരാജയപ്പെടുത്തുന്നതിനുമുള്ള കരുത്ത് നാം ആർജ്ജിക്കണം. അതിനുള്ള ഒരുമിപ്പ്, ഐക്യം നമുക്കുണ്ടാകണം. അതുണ്ടാകുന്നതിനു വഴികാണിച്ചുതന്ന ഒരാളാണ് മൗലവിസാഹിബ്. അങ്ങനെ എല്ലാവിധത്തിലും നമുക്കു വഴികാട്ടിയായി നില്ക്കുന്ന ആ മഹാൻ അമ്പത്തിയൊമ്പതു വർഷക്കാലം ഈ നാട്ടിൽ ജീവിച്ചു. 1873-ൽ ആണ് മൗലവി ജനിച്ചത്. ആ വർഷം തന്നെയാണ് കുമാരനാശാനും ജനിച്ചത്. ആശാൻ 1924-ൽ അന്തരിച്ചു. എട്ടു കൊല്ലംകൂടി കഴിഞ്ഞാണ് മൗലവി അന്തരിച്ചത്. അങ്ങനെ കുറഞ്ഞകാലംകൊണ്ട് വളരെ അർത്ഥപൂർണമായി ജീവിച്ച്, വലിയ നേട്ടങ്ങളുണ്ടാക്കി, ഭാവിതലമുറകൾക്ക് ചിന്തിക്കുവാനും പഠിക്കുവാനും മുന്നോട്ടു പോകുന്നതിനു പ്രചോദനം സ്വീകരിക്കുവാനും കഴിയുന്നരീതിയിൽ ജീവിച്ച ആ മഹാത്മാവിന്റെ മുമ്പിൽ ഞാൻ വിനയപൂർവ്വം വണങ്ങുകയാണ്. അദ്ദേഹത്തിന്റെ പേരിൽ ഒരു സ്ഥാപനമുണ്ടാക്കുകയെന്നുവച്ചാൽ നമ്മുടെ രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഒരു വഴികാട്ടി ഉണ്ടാവുകയെന്നതാണ്. ആ സ്ഥാപനത്തെവളർത്തുന്ന കാര്യത്തിൽ ഈ രാജ്യത്തിന്റെ ഏതെങ്കിലും ഒരു സമുദായത്തിനു മാത്രമല്ല എല്ലാ ജനങ്ങൾക്കും എല്ലാ കേരളീയർക്കും ഗവൺമെന്റിനും ഒരുപോലെ ഉത്തരവാദിത്തമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെയെല്ലാമുണ്ടായി ഇന്ന് എളിയരീതിയിൽ ആരംഭിച്ചിരിക്കുന്ന ഈ സ്ഥാപനം വലിയ ഒന്നായി വളർന്നു ഈ നാട്ടിന് അനുഗ്രഹമുണ്ടാകട്ടെ എന്ന ആശംസയോടെ ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.